പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3468 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീ-സമത്വ ശാക്തീകരണനയം** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.കെ.കെ.ലതിക** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീ-സമത്വ ശാക്തീകരണനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) ഉണ്ട്. സമൂഹത്തിൽ ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഉറപ്പാക്കുന്നതിനും അവ ശാശ്വതവൽകരിക്കുന്നതിനും ആവശ്യമായ മാർഗ്ഗരേഖയാണ് സ്ത്രീ-സമത്വ ശാക്തീകരണനയം. വനിതകളുടെ ശാക്തീകരണം ഉറപ്പാക്കുന്നതോടൊപ്പം സമൂഹത്തിൽ പുരുഷന്മാരുടെ ഉന്നമനവും പ്രസ്തുത നയം വിഭാവനം ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത നയം നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ബി). പ്രസ്തുത നയം നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയായ സാമൂഹ്യനീതി വകുപ്പിൽ ഒരു ജെന്റർ സെൽ രൂപീകരിച്ചിട്ടുണ്ട്. പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായി പ്ലാനിംഗ്, ബഡ്ജറ്റ് & ആഡിറ്റ് എന്നിവയെ കുറിച്ചുള്ള വിശദമായ നിർദ്ദേശങ്ങളടങ്ങിയ ജെന്റർ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നയം നടപ്പാക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്ന വകുപ്പ് മേധാവികളുടെ യോഗം വിളിച്ചു കൂട്ടുകയും, 2016-17 കാലയളവിൽ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ട്രെയിനിംഗ്, ജെന്റർ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് സമൂഹത്തെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 'തുല്യനീതി നല്ല നാട്' എന്ന സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ